Gospel Truth

ജൂലൈ 2017

ലക്കം 1

# ഗോസ്പൽ ട്രൂത്ത്

അഖിലലോക സുവിശേഷ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുതകുന്ന വേദപുസ്തക സത്യങ്ങൾ

For Private Circulation only

## സുവിശേഷത്തിന്റെ നല്ല വാർത്ത

ആ രാത്രിയിൽ സ്വർഗ്ഗീയ ദൂതന്മാരുടെ ഒരു കൂട്ടം ദിവ്യപ്രഭവിതറിക്കൊണ്ട് ആകാശത്തിൽ വന്ന് നിറഞ്ഞുനിന്നു. സർവ്വശക്തനായ ദൈവത്തെ വാഴ്ത്തിക്കൊണ്ട് ആ ദൂതസംഘം "അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം ഭൂമിയിൽ ദൈവപ്രസാദമുള്ളവർക്ക് സമാധാനം എന്ന് പ്രാഗത്ഭ്യത്തോടെ പാടി സന്തോഷിച്ചു

(ലൂക്കോസ് 2: 14).

രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് എത്ര അതിശയകരവും ആനന്ദകരവുമായ ഒരു അനുഭവമായിരുന്നു ഇത്. മനുഷ്യരാശിയുടെ സന്തോഷത്തിന്റെയും സമാധാനത്തിന്റെയും സന്ദേശവാഹകരായി ഈ ഭൂമിയിലേക്ക് ഇറങ്ങിവരുവാൻദൈവ ദൂതന്മാരെ പ്രേരിപ്പിച്ചതെന്താണ്? ജീവനുള്ള ദൈവത്തിന്റെ പുത്രനായ യേശുക്രിസ്തുവിന്റെ ജനനമായിരുന്നു അതിന്റെ കാരണം.

മുപ്പതുവർഷങ്ങൾക്ക് ശേഷം യോഹന്നാൻ സ്നാപകൻ യേശുവിനെ കണ്ടിട്ട് ഇപ്രകാരം പ്രസ്താവിച്ചു. "ഇതാ, ലോകത്തിന്റെ പാപത്തെചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ. 1:29). മനുഷ്യവർഗ്ഗത്തെ പാപത്തിന്റെയും മരണത്തിന്റെയും അധികാരശക്തിയിൽ നിന്നും വിടുവിക്കുവാനായി അവതരിച്ച മശിഹാതമ്പുരാനെ ഓർത്തു ദൂതന്മാർ അത്ഭുതപ്പെട്ടു സന്തോഷിച്ചു.



"ദാഹമുള്ളവന്
തണ്ണീർകിട്ടുന്നതും
ദൂരദേശത്തുനിന്നും
നല്ലവർത്തമാനം വരുന്നതും
ഒരുപോലെ" –
**സദൃശ. 25: 25.**

ലോകത്തു പാപം പെരുകിവരുന്നു. തത്ഫലായി ദു:ഖവും നെടുവീർപ്പും, ഏകാന്തതയും ബന്ധനവും നിരാശയും വർദ്ധിച്ചുവരുന്നു. പിശാചിന്റെ ശക്തിയാൽ വ്യക്തിജീവിതങ്ങളും കുടുംബങ്ങളും തകരുന്നു. എന്നാൽ, ഒരു നല്ലവാർത്തയുള്ളതിനാൽ ദൈവത്തെ സ്തുതിക്കാം. ഈ പ്രശ്നകലുഷിതമായ ലോകത്തിൽപോലും ക്രിസ്തുവിലൂടെ ഇപ്പോൾ മനുഷ്യവർഗ്ഗത്തിന് സമാധാനത്തിന് വഴിയുണ്ട്. പാപത്തിന്റെ ശക്തിയെ തകർത്തെറിഞ്ഞുകൊണ്ട് പ്രത്യാശയും ജീവനും പകരുവാൻ ക്രിസ്തുവിന് കഴിയും.

"ദാഹമുള്ളവന് തണ്ണീർകിട്ടുന്നതും ദൂരദേശത്തു നിന്ന് നല്ല വാർത്ത വരുന്നതും ഒരുപോലെ (സദൃ. 25: 25) ദൈനം ദിന ജീവിതത്തിലുള്ള സമ്മർദ്ദങ്ങളുടെയും വൈഷമ്യങ്ങളുടെയും നടുവിൽ നമുക്ക് ലഭിക്കുന്ന നല്ല വാർത്ത ഉന്മേഷവും ഉണർവ്വും പ്രദാനം ചെയ്യുന്നതാണ്. പ്രശ്നകലുഷിതമായ ഏതൊരാത്മാവിനും ഒരു നല്ല വാർത്തയുണ്ട്. ക്രിസ്തുവിൽ അത് ദർശിപ്പാൻ കഴിയുന്നതാണ്. സുവിശേഷം എന്ന വാക്കിനർത്ഥം "നല്ല വാർത്ത" എന്നാണ്. നമുക്കുവേണ്ടി നമുക്ക് ചെയ്യാൻ കഴിയാത്ത വൻകാര്യങ്ങൾ ക്രിസ്തുയേശു നമുക്കായി ചെയ്തു തന്നു എന്നതാണ് നല്ല വാർത്തയായ സുവിശേഷം.

ആത്മീയ രോഗബാധിതരായ ജനങ്ങളുടെ ജീവിതത്തിൽ യേശു ഇന്നും അത്ഭുതം പ്രവർത്തിച്ചുകൊണ്ട് യഥാസ്ഥാനപ്പെടുത്തുവാനും രോഗസൗഖ്യം നൽകുവാനും കഴിയും. പ്രശ്ന പരിഹാരത്തിന് ഒരു വഴിയും കാണാത്ത

(ശേഷം 2–ാം പേജിൽ)

പത്രാധിപലേഖനം
പേജ് 3

ബൈബിൾ പഠനം: സത്യം ബെരോവാക്കാരെപ്പോലെ തിരുവെഴുത്തുകളെ പരിശോധിക്കുക.
പേജ് 4

എന്താണ് സത്യം? അത്യന്തികമായ സത്യം ഒന്നുമാത്രം അത് ക്രിസ്തുവിൽ തന്നെ.
പേജ് 5

ചോദ്യവും ഉത്തരവും വിശ്വസ്തത മാത്രം മതിയോ? എന്റെ വിശ്വാസത്തിന് ഒരു പ്രസക്തിയും ഇല്ലേ?
പേജ് 7

തക്കസമയത്ത് പറഞ്ഞ വാക്ക്: ഏറിയ കുരുകിലിനേക്കാൾ നിങ്ങൾ വിശേഷതയേറിയവരല്ലോ?
പേജ് 8

# ബൈബിൾ

## എന്തു പഠിപ്പിക്കുന്നു.

**ദൈവവചനം**
2 തിമൊ. 3: 16-17, 2 പത്രൊ. 1: 20, 21,
മത്തായി 24: 35

**സ്നേഹബന്ധം**
മത്തായി 22: 37-40, യോഹ. 14: 21-23,
1 യോഹ. 4: 7-11

**മാനസാന്തരം**
അപ്പൊ. 3: 19, 17: 30, 2 കൊരി. 7:10

**പുതുജനനം**
യോഹ. 3: 3-7, 2 കൊരി. 5: 17,
റോമർ 6 : 1-4, എഫെ. 2: 1, 5-6).

**പാപത്തിൽ നിന്നും സ്വാതന്ത്ര്യം**
1 യോഹ. 5: 18, മത്തായി 1: 21,
യോഹ. 8: 11

**പരിശുദ്ധാത്മ നിറവ്**
അപ്പൊ. 19: 2, 15: 8-9, 1: 8).

**വിശുദ്ധി**
ലൂക്കോ. 1:73-75, എബ്രാ. 12:14,
1 പത്രൊ. 1: 15-16, തീത്തോ. 2: 11, 12, റോമ. 6: 22

**ദൈവരാജ്യം**
ലൂക്കോ. 17 : 20-21, റോമ. 14: 17, യോഹ. 18: 36

**സഭ**
അപ്പൊ. 2: 4-7, എഫെ. 4: 4-6,
1 കൊരി. 12: 12,13, കൊലൊ. 1: 18

**ഐക്യത**
യോഹ. 17: 20-23, ഗലാ. 3: 28,
വെളി. 18: 2-4

**ചട്ടങ്ങൾ**
മത്താ. 28: 19-20, 26: 26-30, 1 കൊരി. 11: 23-27,
യോഹ. 13: 14-17

**ദൈവീക രോഗശാന്തി**
ലൂക്കോ. 4: 18, യെശയ്യ. 53: 4-5,
യാക്കോബ് 5: 13-16

**വിവാഹശുശ്രൂഷ**
മത്താ. 19: 5-6, ലൂക്കോ. 16: 18,
റോമർ 7: 2-3, 1 കൊരി. 7: 10-11

**ബാഹ്യപ്രകടനം**
1 തിമൊ. 2: 9-10, 1 കൊരി. 11: 14-15,
ആവർത്തനം 22: 5

**അന്ത്യകാലം**
2 പത്രൊ. 3: 7-12, യോഹ. 5: 28-29,
2 കൊരി. 5: 10, മത്താ. 25: 31-46

**സാമാധാനവാദം:**
ലൂക്കോസ് 6: 27-29, ലൂക്കോസ് 18: 20

**ആരാധന**
യോഹ. 4: 23-24, എഫെ. 5: 19, 2 കൊരി. 3: 17

**അന്ത്യകല്പന**
മർക്കൊസ് 16: 15

സാഹചര്യത്തിൽ യേശു അത്ഭുതവഴികാട്ടും. നമ്മുടെ അസാദ്ധ്യങ്ങളെ സാധ്യമാക്കുവാൻ യേശുവിന് കഴിയും.

സുവിശേഷത്തിന്റെ നല്ലവാർത്തയെകുറിച്ച് യേശു നൽകിയ പ്രധാനപ്പെട്ട ഒരു സന്ദേശമാണ് ലൂക്കോസ് രേഖപ്പെടുത്തിയിട്ടുള്ളത്. "ദരിദ്രന്മാരോട് സുവിശേഷം അറിയിപ്പാൻ കർത്താവ് എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ബദ്ധന്മാർക്ക് വിടുതലും കുരുടന്മാർക്ക് കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു" (ലൂക്കോസ് 4: 18, 19).

യേശു നിങ്ങളെ സ്നേഹിക്കുന്നു. അതോടൊപ്പം അവന്റെ സുവിശേഷത്തിന്റെ നല്ല വാർത്തക്ക് ഇന്ന് വളരെ പ്രസക്തിയുമുണ്ട്. യേശു ഇന്നും പാപികളെ മോചിപ്പിക്കുന്നതിലും രോഗികളെ സൗഖ്യമാക്കുന്നതിലും തല്പരനാണ്. അസന്തുഷ്ടരും മുറിവേറ്റവരും, അന്ധരും, നികിർഷടരുമായ ഏതൊരു വ്യക്തിയുടെയും ജീവിതത്തിലും യേശുവിന് പ്രവർത്തിപ്പാൻ കഴിയും.

"പിന്നെ അവൻ അവരോട്; നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പീൻ (മർക്കൊസ് 16: 15).

ഈ മഹത്വമേറിയ പ്രത്യാശയുടെ സുവിശേഷം എല്ലാ പശ്ചാത്തലത്തിലുമുള്ള എല്ലാ വ്യക്തിത്വമുള്ളവർക്കും എല്ലാ രാജ്യക്കാർക്കും വേണ്ടിയുള്ളതാണ്. സുവിശേഷത്തിന്റെ നല്ല വാർത്ത വാസ്തവത്തിൽ നമുക്ക് അനുഭവമായിത്തീരുമ്പോൾ മുറിവേറ്റവരായി നമ്മുടെ ചുറ്റും കഴിയുന്നവരോടു പങ്കുവയ്ക്കുന്നതിൽ നമുക്ക് വിശ്വസ്തരാകാം. നമുക്ക് എന്തു ചെയ്യാൻ കഴിയുമെന്നതിലല്ലാ പ്രത്യുത യേശുവിന് എന്തുചെയ്യാൻ കഴിയുമെന്നതിനാലാണ് കാര്യം. സുവിശേഷത്തിന്റെ നല്ല വാർത്തക്കായി ദൈവത്തിന് മഹത്വം.

### ഗോസ്പൽ ട്രൂത്ത്


അഖില ലോകത്തുള്ള എല്ലാ ദൈവജനത്തിന്റെയും അഭിവൃദ്ധിക്കുവേണ്ടിയും പ്രോത്സാഹനത്തിനായും വർത്തിക്കുന്ന ഒരു മാസികയാണ് ഗോസ്പൽ ട്രൂത്ത്. ക്രുസിതുവിന്റെയും അപ്പൊസ്തലന്മാരുടെയും ഉപദേശങ്ങൾ ദൈവവചനത്തിന്റെ വെളിച്ചത്തിൽ പഠിപ്പിക്കുന്നു.
വിശ്വാസ നിയമത്തിന്റെ സ്വീകാര്യതയോടുകൂടി ഏകമായി നിലകൊള്ളുന്നതാണ് ദൈവവചനം. ക്രിസ്തുവിന്റെ പ്രായശ്ചിത്ത മരണത്തിലൂടെ പാപത്തിൽ നിന്നും രക്ഷയും വിടുതലും മാത്രമല്ല, ആത്മനിറവിൽ ജീവിതവും നടത്തുവാനും നയിക്കുവാനുമുള്ള ശക്തീകരണം, ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള പ്രായോഗിക ശുദ്ധീകരണം ജനത്തിന്റെ ഐക്യതയും, സത്യത്തിൽ കാണപ്പെടുന്ന സ്നേഹബന്ധവും ദൈവത്തോടുള്ള സേവനബന്ധവുമത്രെ.

### വരിക്കാരനാകാൻ

ദൈവാത്മ പ്രേരണായലും, നടത്തിപ്പിനാലും ഇലക്ട്രോണിക് മീഡിയായിലൂടെ പ്രസിദ്ധീകരിക്കുന്ന ഒരു പ്രസിദ്ധീകരണമാണ് ഗോസ്പൽ ട്രൂത്ത്. PDF ഫോർമാറ്റിൽ ലഭിക്കുന്നതിന് വരിക്കാരനാകാവുന്നതാണ്. Subscribe@thegospel.us എന്നവിലാസത്തിൽ നിങ്ങളുടെ ഇ-മെയിൽ അഡ്രസ്സ് അയച്ച് ആവശ്യപ്പെടാവുന്നതാണ്. താല്പര്യമുള്ള നിങ്ങളുടെ സ്നേഹിതന്മാരുടെയും പേരും ഇ-മെയിൽ അഡ്രസും അയച്ചുതരാവുന്നതാണ്.

### ബന്ധപ്പെടുക

ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള, ഇന്ത്യ
ഫോൺ: 0474 2454309



# പത്രാധിപലേഖനം

എന്നാൽ ഞങ്ങളുടെ സുവിശേഷം മറഞ്ഞിരിക്കുന്നുവെങ്കിൽ നശിച്ചുപോകുന്നവർക്കത്രെ മറഞ്ഞിരിക്കുന്നു. ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സു കുരുടാക്കി. ഞങ്ങളെത്തന്നേ അല്ല, ക്രിസ്തുയേശുവിനെ കർത്താവ് എന്നും ഞങ്ങളെയോ യേശുനിമിത്തം നിങ്ങളുടെ ദാസന്മാർ എന്നും അത്രെ ഞങ്ങൾ പ്രസംഗിക്കുന്നത് (2 കൊരി. 4: 3-5).

ശാരീരിക അന്ധതമാത്രമല്ല, ആത്മീയ അന്ധതയാൽ അന്ധമായ ആത്മീയ പ്രസ്ഥാനങ്ങളുടെ കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. യഥാർത്ഥ സമാധാനം ക്രിസ്തുവിൽ കണ്ടെത്തിയ എല്ലാ വ്യക്തികൾക്കും അത് തിരിച്ചറിയുവാൻ കഴിയുമെന്നാണ് ഞാൻ കരുതുന്നത്. ഏതൊരു ശുശ്രൂഷകനോ സഭയോ "തങ്ങൾക്കുവേണ്ടി" മാത്രം സ്വാർത്ഥതയോടെ പ്രസംഗിച്ചാൽ അത് ദുരുപദേശം ആകും. നാശത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്ന ഈ ലോകത്തെ രക്ഷിക്കുവാൻ നമ്മുടെ സ്വന്തം ശക്തിയാലോ കഴിവിനാലോ നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ല. ഒരു രക്ഷകനിലേക്ക് ജനത്തെ നയിക്കുവാനുള്ള കഴിവ് നമുക്കുണ്ട്. നമ്മുടെ വാക്കുകൾ കൊണ്ട് മാത്രമല്ല, ക്രിസ്തുവിൽ നിന്നും നമുക്ക് ലഭിച്ച് ദിവ്യ വെളിച്ചത്താൽ നമുക്ക് വഴിതെളിയിക്കാം.

ഈഅന്ധകാരം നിറഞ്ഞ വേളയിൽ ക്രിസ്തുവിന്റെ മഹത്വമേറിയ സുവിശേഷം മേൽക്കുമേൽ പ്രകാശിച്ച് വരും എന്ന് പ്രത്യാശിക്കുന്നു. ലോകത്തിടുനീളം അനേക വർഷങ്ങളിലെ എന്റെ ശുശ്രൂഷ മുഖാന്തരം ലോകമെമ്പാടുമുള്ള പ്രാദേശിക ശുശ്രൂഷകരെ സഹായിക്കുന്നതിന്റെ പ്രാധാന്യത ഞാൻ തിരിച്ചറിയുന്നു. ഒരു പ്രത്യേകതരം ആളുകളെ കൂട്ടുവാനോ അവർക്ക് ഏതെങ്കിലും നേട്ടമുണ്ടാക്കുകയോ അല്ല പ്രത്യുത പ്രാദേശിക തലത്തിൽ സഭയായി നിലകൊള്ളുവാൻ ജനത്തെ പ്രോത്സാഹിപ്പിക്കുവാനും വചനപഠനത്തിനുമുള്ളതത്രെ.

ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെടുകയും ഐക്യമത്യപ്പെട്ട് ജനം സത്യത്തിൽ നടക്കുവാനും ഇടവരട്ടെ. ചില മാസങ്ങൾക്ക് മുമ്പ് ഞാൻ ഒരു ലളിതമായ സുവിശേഷ സന്ദേശം ശ്രദ്ധിയ്ക്കവേ, ഒരു ശുശ്രൂഷകൻ ഇപ്രകാരം പറയുകയുണ്ടായി "അതൊരു ഉണർവ്വ് ദായകമായിരുന്നു എന്ന് ഒരു മതത്തിലോ വ്യക്തിയിലോ അല്ല യഥാർത്ഥ സ്വാതന്ത്ര്യവും സമാധാനവും ഉള്ളത്. പാരമ്പര്യമായുള്ള കീഴ്വഴക്കങ്ങളും നാമധേയ ക്രിസ്താനികളുടെ ഇടയിലുള്ള ജഢീകത്വങ്ങളും ഞാൻ ഏറ്റുപറയുന്നു. അതേസമയം ദൈവത്തോടുള്ള എന്റെ സ്നേഹത്തേയും സത്യത്തിന് വേണ്ടിയും, എല്ലാ ദൈവമക്കൾക്കായും ഞാൻ ഉച്ചത്തിൽ ഉദ്ഘോഷിക്കുന്നു. പാപിയെ ഓർത്തു എന്റെ ഹൃദയം വിലപിക്കുന്നു. കപടഭക്തിക്കാരെ ഓർത്തും പിന്മാറ്റക്കാരെ ഓർത്തും തേങ്ങുന്നു. അവർ യഥാർത്ഥ ശുദ്ധീകരണം പ്രാപിക്കട്ടെ. അത് സാധ്യമാകുന്നത് പള്ളിയുടെ നാലു ചുവരുകൾക്കുള്ളിലോ മതപരമായ ആചാരങ്ങൾ മുഖേനയോ അല്ല. ക്രിസ്തുയേശുവിൽ സമ്പൂർണ്ണ സമർപ്പണത്തോടെ ദൈവവചനാനുസൃതമായി സന്തോഷത്തോടെ ത്യാഗമനോഭാവത്തോടെ നിത്യതയിലേക്ക് നടത്തപ്പെടട്ടെ.

സത്യവചനം ചിലരെങ്കിലും ആത്മാർത്ഥ മനോഭാവത്തോടെയും സത്യസന്ധമായ ഹൃദയത്തോടെ സ്വീകരിപ്പാൻ ഈ പത്രിക കാരണമാകട്ടെ എന്നാണ് ഞാനും എന്റെ ഭാര്യയും ആഗ്രഹിക്കുന്നത്. ദൈവം നൽകുന്ന സന്ദർഭത്തിനും പ്രചോദനത്തിനും അനുസൃതമായി ഞങ്ങൾ ഇതു പ്രസിദ്ധീകരിക്കും. പ്രാർത്ഥനയോടുകൂടിയുള്ള ഈ പുതിയ ദൗത്യം ആത്മീയ വിജയമായിത്തീരട്ടെ.

ഈ കാലത്തുള്ള എല്ലാ യോഗങ്ങളും അനുഗ്രഹകരമായി തീരാൻ നമുക്ക് പ്രാർത്ഥിക്കാം. പ്രാർത്ഥനക്ക് ഇപ്പോഴും ശക്തിയുണ്ട്. ചില മഹാപർവ്വതങ്ങൾ ദൈവത്തിന്റെ ശക്തിയാൽ താഴെ വീഴുമെന്ന് ഞാൻ പ്രത്യാശിക്കുന്നു.

ഇന്റർനെറ്റിൽ
കൂടുതൽ
വായിക്കാം.

thegospeltruth.org

# ബൈബിൾ പഠന സഹായി

## വിഷയം : സത്യം



### ബൈബിൾ പഠനത്തിനുള്ള 6 നിർദ്ദേശങ്ങൾ

**ഒരു തുടക്കം കണ്ടെത്തുക**

ബൈബിളിലെ ഒരു പുസ്തകമോ വേദഭാഗമോ പഠനത്തിനായി തെരഞ്ഞെടുക്കുക. സുവിശേഷങ്ങൾ യാക്കോബ്, തീത്തോസ്, 1 പത്രോസ്, 1 യോഹന്നാൻ എന്നിവയെല്ലാം തുടക്കക്കാർക്ക് തെരഞ്ഞെടുക്കാൻ ഉചിതമാണ്.

**പ്രാർത്ഥനയോടെ ആരംഭിക്കുക**

ദൈവീക പരിജ്ഞാനത്തിനായി, നടത്തിപ്പിനായി, മനസ്സിലാക്കാനുള്ള കൃപയ്ക്കായി യാചിക്കുക. നിങ്ങൾ തെരഞ്ഞെടുത്തിരിക്കുന്ന വേദഭാഗം ദൈവശ്വാസീയമാണെന്ന് മനസ്സിലാക്കുക. "നിന്റെ വചനങ്ങളുടെ വികാശനം പ്രകാശപ്രദം ആകുന്നു" (സങ്കീ. 119: 130).

**വേദഭാഗം മുഴുവനും വായിക്കുക**

വേദവാക്യങ്ങളെ അടർത്തിയെടുത്ത് ദുരുപദേശങ്ങൾക്കായി ഉപയോഗിക്കുന്ന കാലമാകയാൽ വായിക്കുവാൻ ഉദ്ദേശിക്കുന്ന വേദഭാഗത്തിന്റെ സന്ദർഭത്തെ ആദിയോടന്തം സൂക്ഷ്മമായി വായിക്കുക. എങ്കിൽ മാത്രമേ അതിന്റെ പൂർണ്ണരൂപം ഗ്രഹിക്കുവാൻ കഴിയുകയുള്ളൂ.

**ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുക**

വേദഭാഗത്തെ വാക്യപ്രതിവാക്യമായി തിരിച്ച് അതിന്റെ അർത്ഥവും ആശയവും മനസ്സിലാക്കുക. വാക്കുകളുടെ അർത്ഥങ്ങളെ മനസ്സിലാക്കി ഇതരഭാഗങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന വാക്യങ്ങളുമായി താരതമ്യം ചെയ്ത് പഠിക്കുക. നിങ്ങൾ നിരീക്ഷിച്ചവയെ കുറിച്ച് വയ്ക്കുക.

**പ്രായോഗിക നിർദ്ദേശങ്ങളെ വിലയിരുത്തുക**

വായിച്ച് ഗ്രഹിച്ച വേദഭാഗങ്ങൾ വ്യക്തിപരമായി നമ്മോട് ഇടപെടേണ്ടതിനായി കാംക്ഷിക്ക. ഇത് എന്റെ ജീവിതത്തിൽ എങ്ങനെ പ്രാവർത്തികമാക്കാം എന്നു ചിന്തിക്കുക.

**ദൈവവചനത്തെ പ്രമാണിക്കുന്നവരായി മാറുക.**

അനുദിന ജീവിതയാത്രയിൽ ഈ ദൈവവചനം പ്രവർത്തികമാക്കാൻ ശ്രമിക്കുക. "ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ".
കൊലൊ. 3: 16

**വായനഭാഗം**

യോഹന്നാൻ 18: 37, 38 "പീലാത്തോസ് അവനോട്. എന്നാൽ നീ രാജാവ് തന്നെയല്ലോ എന്ന് പറഞ്ഞതിന് യേശു: നീ പറഞ്ഞതുപോലെ ഞാൻ രാജാവ് തന്നെ. സത്യത്തിന് സാക്ഷി നിൽക്കേണ്ടതിന് ഞാൻ ജനിച്ച് അതിനായി ലോകത്തിൽ വന്നുമിരിക്കുന്നു. സത്യതല്പരനായവൻ എല്ലാം എന്റെ വാക്കു കേൾക്കുന്നു എന്നുത്തരം പറഞ്ഞു. പീലാത്തോസ് അവനോട് സത്യം എന്നാൽ എന്ത്? എന്നു പറഞ്ഞു. പിന്നെയും യഹൂദന്മാരുടെ അടുക്കൽ പുറത്തു ചെന്നു അവരോട് ഞാൻ അവനിൽ ഒരു കുറ്റവും കാണുന്നില്ല.

**സത്യത്തിന്റെ നിർവ്വചനം**

യാഥാർത്ഥ്യത്തിന്റെ ഉറപ്പും കൃത്യതയും സത്യസന്ധമായതും ആണ് സത്യം

**I. യേശു സത്യമാകുന്നു.**

A. യോഹ. 1: 14 വചനം (യേശു) ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞു.

B യോഹ. 1: 17 കൃപയും സത്യവും യേശുമുഖാന്തരം വന്നു.

C യോഹ. 14: 6 യേശു തന്നെ വഴിയും സത്യവും ജീവനും ആകുന്നു.

D എഫേ. 4: 20, 21 യേശുവിലത്രെ സത്യം.

**II. ദൈവവചനം സത്യമാകുന്നു.**

A യോഹ. 17: 17-19 ദൈവവചനം സത്യമാകുന്നു.

B 2 തിമൊ. 2: 15. വചനം പഠിക്കുകയും യഥാർത്ഥമായി പ്രസംഗിക്കുകയും ചെയ്ക.

C 2 തെസ്സ. 2: 10 സത്യകത്തെ സ്നേഹിച്ച് കൈകൊള്ളുന്നവൻ ആയിരിക്കേണം.

**III സത്യത്തിന്റെ ആത്മാവും ആരാധനയും**

A യോഹ. 16: 13 എല്ലാ സത്യത്തിലേക്കും പരിശുദ്ധാത്മാവ് വഴി നടത്തും.

B യോഹ. 4: 22-24. ആത്മാവിലും സത്യത്തിലും ഉള്ള ആരാധന.

**IV ആ സത്യം മാറാത്തതും നിലനിൽക്കുന്നതും ആകുന്നു.**

A യെശ. 40: 8 ദൈവവചനം എന്നേക്കും നിലനിൽക്കുന്നു.

B സങ്കീ. 100: 5 തലമുറതലമുറയായി നിലകൊള്ളുന്നു സത്യം.

C ലൂക്കോ. 21: 33 ക്രിസ്തുവിന്റെ വചനം നീങ്ങിപ്പോകുന്നില്ല.

**V സത്യത്തിന്റെ നേട്ടങ്ങൾ**

A യോഹ. 8: 32 സത്യം സ്വതന്ത്രമാക്കുന്നു.

B യോഹ. 3: 19-21 സത്യം വെളിപ്പെടുകയും പ്രകാശത്തിലേക്ക് കൊണ്ടുവരികയും ചെയ്യുന്നു.

C 1 പത്രോസ് 1: 22-23. സത്യം അനുസരിക്കുമ്പോൾ നമ്മുടെ ആത്മാവ് ശുദ്ധീകരിക്കപ്പെടുന്നു.

**VI സത്യത്തിൽ നിന്നും വ്യതിചലിക്കുമ്പോൾ**

A 2 തിമൊ. 4: 1-4 ജനം സത്യത്തിന് നേരെ ചെവി തിരിച്ചുകളയുന്നു.

B 2 തിമൊ. 2: 16-18 യഥാർത്ഥ സത്യമെന്തെന്നറിയാതെ ജനം വലയുന്നു.

**VII ദുരുപദേഷ്ടാക്കന്മാർ**

A 2 പത്രോ. 2: 1-2 നിങ്ങളുടെ ഇടയിൽ ദുരുപദേശക്കന്മാർ ഉണ്ടാകും

B മത്തായി 15: 9 "അവൻ മാനുഷീക ഉപദേശങ്ങൾ പഠിപ്പിക്കുന്നവർ

C തീത്തോ. 1: 14 "അവർക്ക് ചെവിക്കൊടുക്കരുത്"

**VIII സത്യം അനുസരിക്കാത്തവർക്കുള്ള ശിക്ഷാവിധി**

A റോമർ 2: 8,9, "കോപവും ക്രോധവും"

B 2 തെസ്സ. 1: 8 - പ്രതികാരം

**IX സഭ**

A 1 തീമൊ. 3: 15 സത്യത്തിന്റെ തൂണും, അടിസ്ഥാനവും

B സെഖര്യ 8:3 സീയോൻ (സഭ) യെ സത്യത്തിന്റെ പട്ടണം എന്നു വിളിക്കപ്പെടും

**X വെല്ലുവിളി**

A സദൃശ്യ. 23: 28 സത്യം വിൽക്കുകയല്ല, വാങ്ങുകയത്രെ വേണ്ടത്.

B 1 യോഹ. 1 : 16 കല്പന കൈകൊള്ളുമ്പോൾ സത്യം പാലിക്കപ്പെടുകയാണ് ചെയ്യുന്നത്

C എഫെ. 6: 14 സത്യം ആരെക്ക് കെട്ടി നിൽക്കുക.

**പ്രാർത്ഥന:** എന്റെ ദൈവവും രക്ഷകനുമായ കർത്താവേ, സത്യത്തിലേക്ക് എന്നെ നയിക്കേണമേ,എന്നെ സത്യം ഗ്രഹിപ്പിക്കേണമേ, ദിനം തോറും ഞാൻ നിന്നെ നോക്കി കാത്തിരിക്കുന്നു സങ്കീ. 25:5

# സത്യം എന്നാൽ എന്ത്?

## (ബൈബിൾ പഠന ഉപപാഠം)

**സത്യം എന്നാൽ എന്ത്?** യേശുക്രിസ്തുവിനെ വിസ്തരിക്കുമ്പോൾ പീലാത്തോസ് ചോദിച്ചതാണ് ഇത്. ആ ചോദ്യം, ലോകത്തിൽ മനുഷ്യർ അവരുടെ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം അന്വേഷിക്കുമ്പോൾ, ഇന്നും പ്രതിധ്വനിക്കുന്നു. അനേകം സഭകളും ശുശ്രൂഷകന്മാരും, വേദശാസ്ത്രങ്ങളും തത്വചിന്തകളും അതിനെ വ്യാജമായി ഉൾക്കൊണ്ടിട്ടുണ്ട്. അവർ പഠിപ്പിക്കുന്നത് ശരിയാകുന്നു എങ്കിൽ, പിന്നെ എന്തുകൊണ്ടാണ് വിരുദ്ധവും യോജിക്കാത്തതുമായ, ആശയങ്ങളും അഭിപ്രായങ്ങളും നിലനില്ക്കുന്നത്?

**സത്യം ഒന്നേ ഉള്ളൂ,**

ആത്യന്തികമായി സത്യം ഒന്നേ ഉള്ളു എന്നതാണ് യാഥാർത്ഥ്യം. അത് യേശുക്രിസ്തുവിൽ മാത്രമേ ദർശിക്കുവാൻ കഴിയൂ. മനുഷ്യനെ അന്ധവിശ്വാസത്തിൽ നിന്ന് മോചിപ്പിക്കുവാൻ ദൈവവചനം ജഡമായി ത്തീർന്നു. നമ്മുടെ ഇടയിൽ പാർക്കുകയും, മനുഷ്യന്റെ പാപം വെളിപ്പെടുത്തി, യഥാർത്ഥ പാപമോചനവും വിശുദ്ധ ജീവിതവും വഴി, പിതാവായ ദൈവത്തോടുള്ള സമാധാന ബന്ധം വാസ്തവമായി എന്ത് എന്ന് ജഡമായി അവതരിച്ച യേശു ക്രിസ്തു പ്രദർശിപ്പിച്ചു.



**സത്യം മാറുകയില്ല.**

ദൈവം തന്റെ പരിശുദ്ധാത്മാവിനെ മനുഷ്യർ വ്യക്തിപരമായി സത്യത്തിന്റെ വഴിയിൽ നടക്കുവാൻ വേണ്ടി അയച്ചു. അഭിപ്രായങ്ങളും പശ്ചാത്തലങ്ങളും സഭാചരിത്രവും പാരമ്പര്യങ്ങളും ജാതിയും വർണ്ണവും എല്ലാം പരിശുദ്ധാത്മാവിനാൽ സത്യം മറികടക്കുന്നു. അത് തലമുറകൾ തോറും മാറ്റം സംഭവിക്കാതെ കൃത്യമായി നിത്യജീവനെ ദുഷ്ടത നിറഞ്ഞ ലോകത്തിൽ നല്കുന്നു. തത്വശാസ്ത്രങ്ങളും സഭാസംഘടനകളുടെ മുന്നേറ്റങ്ങളും മാറി മാറി കടന്നു പോയാലും സത്യം നിത്യമായി ഇളകാതെ നില്ക്കും. അത് നമ്മുടെ സദാചാരങ്ങളെയോ, വ്യക്തിപരമായ സ്ഥിതിയെയോ അടിസ്ഥാനമാക്കിയുള്ളതല്ല, എവിടെയും എല്ലാവർക്കും ദൈവവചനം ഉചിതവും ബാധകവുമാണ്. അതിന് വിപരീതമായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് നടത്തുകയില്ല.

**സത്യം സ്വാതന്ത്രമാക്കുന്നു.**

സത്യം അന്ധവിശ്വാസത്തിൽ നിന്ന് മനുഷ്യനെ വിടുവിക്കും. മതങ്ങളും അതിന്റെ വിശ്വാസ പ്രമാണങ്ങളും മനുഷ്യനെ കുഴപ്പത്തിലേയ്ക്കും അടിമത്വത്തിലേയ്ക്കും നയിക്കുന്നു. വിവിധ ഉപദേശങ്ങൾ ഉള്ളതുകൊണ്ടോ സഭകളുടെ പെരുപ്പം കൊണ്ടോ സത്യം എന്ന യാഥാർത്ഥ്യം മാറ്റിക്കളയുവാൻ കഴിയുകയില്ല. ആ സത്യം ബൈബിൾ ലിഖിതങ്ങളിൽ പരിശുദ്ധാത്മാവിനാൽ ക്രിസ്തുവിൽ ഉറപ്പിക്കപ്പെട്ടിരിക്കുന്നു. ദൈവവചന സത്യത്തിനോട് കൂട്ടിച്ചേർക്കുവാനോ, ശുശ്രൂഷകന്മാരുടെ അഭിപ്രായ പ്രകാരമോ, മതനേതാവിന്റെ ഉത്തരവിൻ പ്രകാരമോ അതിൽ നിന്ന് നീക്കം ചെയ്യുവാനോ കഴിയുകയില്ല. ദൈവവചനം മാത്രം എന്നും സത്യമായി നിലനില്ക്കുന്നു. അടച്ച് ഭദ്രമാക്കിയ പ്രമാണമാണ് തിരുവചനം. ദൈവത്തിന്റെ യഥാർത്ഥ ജനം അതിനെ സത്യമായി കണ്ട് ബഹുമാനിക്കുകയും മാനുഷിക സിദ്ധാന്തങ്ങളെ സത്യവചനം കൊണ്ട് ജയിക്കുകയും ചെയ്യുന്നു.

**വചനം ജഡമായി**

ലോകത്തിൽ അനേകം ആളുകൾ ക്രിസ്തുവിനെക്കുറിച്ച് പഠിപ്പിക്കുന്നുണ്ട്. എന്നാൽ വചനത്തിന്റെ സത്യങ്ങൾ അവർ തിരസ്ക്കരിക്കുന്നു. ചില ആളുകൾ യേശുവിനെയും ബൈബിളിലെ ഉപദേശങ്ങളും വേർതിരിച്ചു കാണുവാൻ ശ്രമിക്കുന്നു. എന്നാൽ അത് രണ്ടും ഒന്നാണ് എന്നതാണ് സത്യം. ഒരുവൻ പുതിയ നിയമത്തിൽ ഏതെങ്കിലും ഒരു ഭാഗം ഉപേക്ഷിച്ചാൽ ക്രിസ്തുവിനെ ഉപേക്ഷിക്കുന്നു.

**കള്ള പ്രവാചകന്മാരെ തള്ളിക്കളയുക**

ആദിമ സഭയിൽ കള്ളപ്രവാചകന്മാർ ഉണ്ടായിരുന്നതു പോലെ ഇന്ന് ക്രിസ്തുവിനെ ഉപദേശിക്കുന്നവർ സത്യത്തിന്റെ വിശുദ്ധിയെ കർശനമായി പഠിപ്പിക്കാത്ത ഉപദേഷ്ടാക്കന്മാർ ഉണ്ട്. അവർ അനേകരെ ആകർഷിക്കേണ്ടതിന് ജഡത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ട് വ്യാജമായി പഠിപ്പിക്കുന്നു. ഈ ദ്രോഹം സത്യം പഠിപ്പിക്കുന്നു എന്ന് അവകാശപ്പെടുന്ന സഭകളിലും ശുശ്രൂഷകന്മാരിലും സാധാരണമാണ്. ഉപദേശപ്പിശക് കണ്ടുപിടിക്കുന്നതിനേക്കാൾ പ്രയാസമാണ് മായം ചേർത്ത ഉപദേശം കണ്ടുപിടിക്കുക. അതിനാൽ ദൈവവചനത്തോട് കൂട്ടുവാനോ നീക്കിക്കളയുവാനോ ശ്രമിക്കാതിരിക്കുക.

**വ്യാജ ഉപദേഷ്ടാക്കന്മാരുടെ സമൂഹത്തിൽ നിന്ന് പിന്മാറുക.**

അന്ത്യനാളുകളിൽ അനേകം ക്രിസ്തീയ സംഘടനകൾ

(ശേഷം 6-ാം പേജിൽ)

കർത്തവ്യപരമായ സാക്ഷ്യം മനസ്സിൽ സൂക്ഷിച്ചുകൊണ്ട് ദൈവവചനത്തിന്റെ സത്യത്തിൽ നിന്ന് പിന്മാറിക്കൊണ്ടിരിക്കുന്നു. ഇങ്ങനെയുള്ള സംഘങ്ങളിൽ നിന്ന് വിട്ടുപോരുവാൻ ദൈവവചനം സത്യസന്ധരായ വിശ്വാസികളെ ആഹ്വാനം ചെയ്യുന്നു. വിശുദ്ധന്മാരെയും സത്യസന്ധന്മാരെയും സ്വർഗ്ഗം മാടി വിളിക്കുമ്പോൾ സത്യത്തെ നിഷേധിക്കുന്നവർക്കായി നരകം കാത്തിരിക്കുന്നു.

**വചനത്തിന്റെ സാക്ഷ്യം പരിശുദ്ധാത്മാവ്**

ഓരോ ദൈവപൈതലും പരിശുദ്ധാത്മാവിൽ നിറയുകയും ദൈവവചനം പഠിക്കുകയും ചെയ്യേണ്ടത് ഒഴിച്ചുകൂടാൻ കഴിയാത്ത ആവശ്യമാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് വിശ്വസ്തതയോടും ആത്മാർത്ഥതയോടും കൂടെ തന്നെ അനുഗമിക്കുന്ന എല്ലാവരോടും വിശ്വസ്തനായിരിക്കും. പക്ഷെ സത്യത്തെ എല്ലാവരും ഒരുപോലെ മനസ്സിലാക്കാതെ ദൈവവചനത്തേയും പരിശുദ്ധാത്മാവിനെയും മറികടക്കുന്നതിന്റെ കണക്കുകൾ ന്യായവിധി ദിവസത്തിൽ ബോധിപ്പിക്കേണ്ടതായി വരും. അതുകൊണ്ട് സത്യത്തിന്റെ സ്വാഭാവികത നിലനിർത്തിക്കൊണ്ട് കാപട്യമായത് ദൂരീകരിക്കുക. ആത്മാർത്ഥത മാത്രം ഒരുവനെ ദൈവമുമ്പാകെ സ്വീകാര്യനാക്കുന്നില്ല, പ്രത്യുത വിശ്വസ്തതയും സത്യസന്ധതയും അതിനോടുകൂടി കൂട്ടിച്ചേർക്കുമ്പോൾ മാത്രമാണ് അയാൾ ദൈവമുമ്പാകെ സ്വീകാര്യനാകുന്നത്. അതുകൊണ്ട് വചനത്തിനോട് വിശ്വസ്തരായിരിക്കുക. പരിശുദ്ധാത്മാവ് വചനം വിട്ട് സ്വതന്ത്ര്യമായിരിക്കുവാൻ നമ്മെ അനുവദിക്കുകയില്ല.

**താങ്കൾ സത്യത്തിൽ നടക്കുന്നുവോ?**

ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും സത്യത്തിന് കടന്ന് ചെല്ലുവാൻ അനുവാദമുള്ള വിശ്വാസികളുടെ വ്യക്തിപരവും ഒരുമിച്ചുമുള്ള കൂട്ടായ്മയാണ് ദൈവത്തിന്റെ സഭ. ദൈവത്തിന്റെ സഭയാകുന്ന സീയോൻ സത്യത്തിന്റെ നഗരം ആയിരിക്കണം. അല്ലാതെ വാതിലിൽ എഴുതേണ്ട ഒരു പേരല്ല ദൈവസഭ. അത് സത്യത്തിന്റെ യാഥാർത്ഥമായിരിക്കണം. നിങ്ങളുടെ സത്യത്തിന്റെ വെളിച്ചം അധികമായി പ്രകാശിക്കട്ടെ.

***************




## ചെയ്യുന്നവർ ആയിരിക്കുവിൻ

എങ്കിലും വചനം കേൾക്കുക മാത്രം ചെയ്തുകൊണ്ട്
തങ്ങളെ തന്നെ ചതിക്കാതെ അതിനെ ചെയ്യുന്നവരായും
ഇരിക്കുവിൻ, ഒരുത്തൻ വചനം കേൾക്കുന്നവൻ എങ്കിലും
ചെയ്യാത്തവനായിരുന്നാൽ അവൻ തന്റെ സ്വാഭാവിക മുഖം
കണ്ണാടിയിൽ നോക്കുന്ന ആളോട് ഒക്കുന്നു.
അവൻ തന്നെത്താൻ കണ്ടു പുറപ്പെട്ടു
താൻ ഇന്നരൂപം ആയിരുന്നു എന്ന് ഉടനെ മറന്നു പോകുന്നു.
സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം
ഉറ്റുനോക്കി അതിൽ നിലനില്ക്കുന്നവനോ
കേട്ടു മറക്കുന്നവനല്ല പ്രവർത്തി
ചെയ്യുന്നവനായി താൻ ചെയ്യുന്നതിൽ
ഭാഗ്യവാൻ ആകും.
യാക്കോബ് 1: 22-25

**ചോദ്യവും - ഉത്തരവും**

**ചോദ്യം:** ഓരോരുത്തരുടെയും വിശ്വാസത്തിൽ ആത്മാർത്ഥതയുണ്ടെങ്കിൽ അതു മതി എന്ന് സാധാരണ പറയാറുണ്ട്, അത് ശരിയാണോ?

**ഉത്തരം :** ഇല്ല, അത് ശരിയല്ല. കാരണം സത്യത്തിനോട് ഒരുവൻ ആത്മാർത്ഥത കാണിക്കുന്നതു പോലെ വ്യാജത്തിനോടും മനുഷ്യന് ആത്മാർത്ഥത കാണിക്കുവാൻ കഴിയും. "ദൈവം നിങ്ങളെ ആദിമുതൽ ആത്മാവിന്റെ വിശുദ്ധീകരണത്തിലും സത്യത്തിന്റെ വിശ്വാസത്തിലും രക്ഷക്കായി തിരഞ്ഞെടുത്തു" എന്നാണ് ദൈവവചനം പറയുന്നത് (2 തെസ്സ. 2: 13). ഇവിടെ "സത്യത്തിന്റെ വിശ്വാസം" നമ്മുടെ രക്ഷയുടെ പ്രധാനഘടകമായി ദൈവം വച്ചിരിക്കുന്നു. 2 തിമൊ. 4: 3-4 വാക്യങ്ങളിൽ പറയുന്നത് "അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറു സ്വന്ത മോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിനു ചെവി കൊടുക്കാതെ കെട്ടുകഥ കേൾക്കുവാൻ തിരിയുകയും ചെയ്യുന്ന കാലം വരും" എന്നാണ്. ഇവരൊക്കെയും അവരുടെ വിശ്വാസത്തിൽ ആത്മാർത്ഥതയുള്ളവരും ഭക്തിയുള്ളവരും സത്യത്തെ വിശ്വസിക്കുന്നു എന്ന് ആത്മാർത്ഥമായി കരുതുന്നവരും ആകുന്നുവല്ലോ ഗലാ. 1: 8-9 -ൽ പൗലൊസ് പറയുന്നത് ഞങ്ങൾ നിങ്ങളോട് അറിയിച്ചതിനു വിപരീതമായി ഞങ്ങൾ ആകട്ടെ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതനാകട്ടെ നിങ്ങളോട് സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ. ഞങ്ങൾ മുൻ പറഞ്ഞതു പോലെ ഞാൻ ഇപ്പോൾ പിന്നെയും പറയുന്നു. നിങ്ങൾ കൈക്കൊണ്ട സുവിശേഷത്തിനു വിപരീതമായി ആരെങ്കിലും നിങ്ങളോട് സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ എന്നാണ്. വളരെ ശക്തമായ ഭാഷയിൽ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത് ദൈവവചനം പഠിപ്പിക്കുന്നവർ സത്യത്തിൽ വേരൂന്നി വ്യാജം സ്വീകരിക്കാതെയും അതിന്റെ അതിർ ലംഘിക്കാതെയും പഠിപ്പിക്കണം എന്നാണ്. 2 കൊരി. 1: 12 -ൽ ജഡജ്ഞാനത്തിൽ അല്ല ദൈവം നൽകുന്ന വിശുദ്ധിയിലും നിർമ്മലതയിലും പെരുമാറിയിരിക്കുന്നു എന്ന് സാക്ഷ്യം പറഞ്ഞിരിക്കുന്നു. ഒരു വ്യക്തിക്ക് അവന്റെ വിശ്വാസത്തിലോ പ്രവർത്തിയിലോ ഉത്തരവാദിത്വത്തിലോ ഒക്കെ ആത്മാർത്ഥത കാണിക്കുവാൻ സാധിക്കും. പക്ഷേ ദൈവം നൽകുന്ന വിശുദ്ധിയും നിർമ്മലതയും മാത്രമേ ഒരുവനേ രക്ഷയിലേക്കും ദൈവത്തിൽ ഉറയ്ക്കുവാനും പര്യാപ്തമാക്കൂ.



പൗലൊസ് തന്നെ ഇതിന് ഒരു മാതൃകയാണ്. അപ്പൊസ്തല പ്രവർത്തി 26: 9-10 വാക്യങ്ങളിൽ പറയുന്നത്, "നസ്രായനായ യേശുവിന്റെ നാമത്തിന് വിരോധമായി പലതും പ്രവർത്തിക്കണം എന്നു ഞാനും വിചാരിച്ചു സത്യം. അതു ഞാൻ യെരുശലേമിൽ ചെയ്തിട്ടുമുണ്ട്. മഹാപുരോഹിതന്മാരോട് അധികാരപത്രം വാങ്ങി വിശുദ്ധന്മാരിൽ പലരെയും തടവിൽ ആക്കി അടച്ചു. അവരെ നിഗ്രഹിക്കുന്ന സമയം ഞാനും സമ്മതം കൊടുത്തു" എന്നാണ്. ദമസ്ക്കോസിലേയ്ക്കുള്ള യാത്രയിൽ യേശുക്രിസ്തുവിനെ മുഖാമുഖം കണ്ടുമുട്ടിയില്ലായിരുന്നുവെങ്കിൽ പൗലൊസിന്റെ മതപരമായ സകല ആത്മാർത്ഥയും താൻ പ്രാപിക്കേണ്ടതായ രക്ഷയും നഷ്ടമാകുമായിരുന്നു.

സത്യത്തിനും ക്രിസ്തീയ വിശ്വാസത്തിനും മുന്തിയ ഒരു പരിഗണനത യഹൂദ മതവിശ്വാസത്തിനോ പിതാക്കന്മാരുടെ പാരമ്പര്യത്തിനോ പൗലൊസ് നൽകിയതായി ഞാൻ വിശ്വസിക്കുന്നില്ല. എന്നാൽ വിശ്വസ്തരും എരിവുമുള്ള ഒരു പറ്റം ക്രിസ്ത്യാനികൾ അവരുടെ വിശ്വാസത്തിനുവേണ്ടി ആത്മാർത്ഥമായി വലിയ ത്യാഗങ്ങൾ ചെയ്യുമ്പോൾ സത്യവിശ്വാസികൾ സത്യവചന പ്രകാരം ചെയ്യുന്നതുപോലെ രക്ഷയുടെ ആവശ്യമായ ഘടകങ്ങൾ അവർ ത്യജിച്ചു കളയുന്നു. കേവലം ആത്മാർത്ഥതയല്ല ദൈവീകമായ ആത്മാർത്ഥതയാണ് കണക്കാക്കപ്പെടുക.

ഓരോരുത്തരും ആഗ്രഹിക്കുന്ന ജീവിത നിലവാരത്തിൽ അവർ കരുതുന്ന ആത്മാർത്ഥതയുള്ള വിശ്വാസം ദൈവത്തിന് സ്വീകാര്യമാകും എന്നു ചിന്തിച്ചാൽ; ദൈവം ഒരു മാനദണ്ഡമേ പരിഗണിക്കുകയുള്ളൂ എഫേസ്യർ 4: 5-ൽ 'വിശ്വാസം ഒന്ന്' എന്നു പറയുന്നു. എല്ലാ വിശ്വാസികളെയും ദൈവം വിശ്വാസത്തിന്റെ ഐക്യതയിലേക്ക് ആഹ്വാനം ചെയ്യുമ്പോൾ ദൈവവചനത്തിന്റെ ഉപദേശങ്ങളെ സ്വീകരിക്കുവാനും അതിനുള്ള എല്ലാ കരുതലുകളും നമുക്കായി വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു.

Printed matter only
**MALAYALAM EDITION**

## വരിക്കാരനാകുക!

ഈമെയിൽ **subscribe@thegospeltruth.us**
**നിങ്ങളുടെ സ്നേഹിതന്മാരെയും പരിചയപ്പെടുത്തുക.**




തക്കസമയത്ത് പറഞ്ഞ വാക്ക്

# നിങ്ങൾ ഏറിയ വിശേഷതയുള്ളവർ

ക്രിസ്തുവിന്റെ കാലത്ത് കാശിന് രണ്ട് കുരുകിലിനെ വാങ്ങിക്കാമായിരുന്നു (മത്താ. 10: 29). രണ്ടു കാശിന് നാല് എണ്ണം വാങ്ങിയാൽ പാരിതോഷികമായി അഞ്ചാമത് ഒരു കുരുകിലിനെ കച്ചവടക്കാരനും നൽകിയിരുന്നു. നാല് കുരുകിലിനെ വാങ്ങിയാൽ ഒന്ന് സൗജന്യം. അക്കാലത്ത് ഗ്രാമപ്രദേശങ്ങളിൽ നൽകിയിരിക്കുന്ന ഒരു ദിവസത്തെ കൂലിയുടെ 1/16 ഭാഗമായിരുന്നു ഒരു കാശ്. അങ്ങനെയെങ്കിൽ തീരെ വിലകുറഞ്ഞതും സുലഭവുമായ ഒന്നായിരുന്നു കുരുകിൽ.

യേശു ഇവിടെ വിശദീകരിക്കുന്നത് ദൈവം ഓരോരുത്തർക്കും അവർ എത്ര തന്നെ, ആ അഞ്ചാമത്തെ കുരുകിലിനെപ്പോലെ വിലയില്ലാത്തവരും സാധാരണക്കാരും ആയിരുന്നാലും കരുതുന്ന വിധമാണ് മറ്റുള്ളവർ വലിയ വില കല്പിക്കാത്തതിന് ദൈവം വില മതിക്കുന്നു. ഓരോരുത്തരുടെയും ജീവിനെ ദൈവം അധികമായി സ്നേഹിക്കുകയും ഏറിയ മൂല്യം കല്പിക്കുകയും ചെയ്യുന്നു. ഒരു ജനാവലിയെക്കാൾ ഉപരിയായി വ്യക്തിപരമായി ദൈവം നമുക്ക് മൂല്യം കല്പിക്കുന്നു. ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളും ചിന്തകളും, വികാരങ്ങളും അനുഭവങ്ങളും സാഹചര്യങ്ങളും ദൈവം വിലമതിക്കുന്നു. ആകയാൽ കുരുകിലിനെക്കാൾ നിങ്ങൾ ഏറിയ വിശേഷതയുള്ളവർ ആകുന്നു.



*Contact:*

The Editor
Gospel Truth
Karickam P.O
Kottarakara
Kerala 691531
India

ദൈവത്തിന്റെ നാമം മഹത്വപ്പെടുമാറാകട്ടെ.

**ബന്ധപ്പെടുക**

പത്രാധിപർ
ഗോസ്പൽ ട്രൂത്ത്
കരിക്കം പി.ഒ.
കൊട്ടാരക്കര - 691531
കേരള.



Malayalam Editor : Mathew Joseph
Asst. Editor : Baby Mathew
Publisher : Biju J. Varghese